"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആമയിഴഞ്ചാൻ തോട് - ശുചീകരണ പ്രവർത്തനം നടത്തുന്നതിനിടെ ഒഴുക്കിൽപെട്ട് മരണപെട്ട ശ്രീ .ജോയിയുടെ മാതാവിന് ഭൂമി വാങ്ങുന്നതിന് അനുമതി നൽകിയ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1773/2024/LSGD തീയതി,തിരുവനന്തപുരം, 26-09-2024

പരാമർശം:-
1. സ.ഉ(സാധാ) നം.1542/2024/തസ്വഭവ തീയതി 17/08/2024
2. തിരുവനന്തപുരം ജില്ല പഞ്ചായത്തിന്റെ 27/08/2024 ലെ 2(1) നമ്പർ സാധാരണ യോഗ തീരുമാനം.
3. തിരുവനന്തപുരം ജില്ല പഞ്ചായത്ത് പ്രസിഡന്റ്- ന്റെ 29/08/2024 ലെ ഡിപിറ്റിവിപിഎംപ്രസിഡന്റ്/61/2024 നമ്പർ കത്ത്

**ഉത്തരവ്**

ആമയിഴഞ്ചാൻ തോട് ശുചീകരണ പ്രവർത്തനം നടത്തുന്നതിനിടെ ഒഴുക്കിൽ പെട്ട് മരണപെട്ട റെയിൽവേ കരാർ തൊഴിലാളിയായ ശ്രീ.ജോയിയുടെ നിർദ്ധനയായ മാതാവിന് ഭൂമി വാങ്ങി ഭവനം നിർമിച്ചു നൽകുന്നതിന് പ്രത്യേക അനുമതി നൽകി കൊണ്ട് പരാമർശം - 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ശ്രീ. ജോയിയുടെ അമ്മയുടെ ആവശ്യപ്രകാരം മാരായമുട്ടം എന്ന സ്ഥലത്തുതന്നെ രണ്ടര ലക്ഷം രൂപയ്ക്ക് 3 മുതൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് ഭൂമിയുടെ നിലവിലെ ന്യായ വിലയും മാർക്കറ്റ് വിലയും പ്രകാരം കഴിയാത്ത സാഹചര്യം പരിഗണിച്ച്, സാമൂഹിക പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ അഞ്ച് സെന്റ് വരെയുള്ള ഭൂമി വാങ്ങുന്നതിന് ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 5,00,000/-രൂപ ചെലവഴിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കണമെന്ന്, ജില്ല പഞ്ചായത്തിന്റെ പരാമർശം - 2 തീരുമാനം സഹിതം, തിരുവനന്തപുരം ജില്ല പഞ്ചായത്ത് പ്രസിഡന്റ് പരാമർശം - 3 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാരായമുട്ടത്ത് രണ്ടര ലക്ഷം രൂപയ്ക്ക് 3 മുതൽ 5 സെന്റ് വരെ ഭൂമി വാങ്ങുന്നതിന്, ഭൂമിയുടെ നിലവിലെ ന്യായ വിലയും മാർക്കറ്റ് വിലയും

പ്രകാരം കഴിയാത്ത സാഹചര്യം പരിഗണിച്ചും, ശ്രീ. ജോയിയുടെ കുടുംബത്തിന്റെ ദയനീയ സ്ഥിതി കണക്കിലെടുത്തും, റെയിൽവേയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ശുചീകരണ പ്രവർത്തനം നടത്തുന്നതിനിടെ ഒഴുക്കിൽ പെട്ട് മരണപെട്ട റെയിൽവേ കരാർ തൊഴിലാളിയായ ശ്രീ. ജോയിയുടെ മാതാവിന് ഭൂമി വാങ്ങുന്നതിന്, പരാമർശം 1 ഉത്തരവ് ഭേദഗതി വരുത്തി കൊണ്ടും, നിലവിലെ പദ്ധതി മാർഗ്ഗ രേഖയിൽ ഇളവ് നൽകിക്കൊണ്ടും, ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 5,00,000/-രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേൽ ഭേദഗതിയോടെ പരാമർശം 1 ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ

സെക്രട്ടറി, ജില്ല പഞ്ചായത്ത്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 26-09-2024 11:19:53
സെക്ഷൻ ഓഫീസർ